'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ - നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് - ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന റോഡ്/കലുങ്കുകൾ ക്ക് 6 മീറ്ററിൽ കുറയാത്ത വീതി വേണം എന്ന നിബന്ധന നടപ്പ് വർഷം ഒഴിവാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.17/2020/LSGD തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2019-ലെ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ ചേർന്ന യോഗത്തിലെ 4.72-ാം നമ്പർ തീരുമാനം

**ഉത്തരവ്**

നിലമ്പൂർ ബ്ലോക്കിലെ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കവളപ്പാറ പ്രദേശത്ത് കഴിഞ്ഞ പ്രളയം വലിയ നാശം വരുത്തിയിട്ടുള്ളതിനാൽ ഇവിടെ കൾവെർട്ട് പണിയുന്നതിനും കൂടാതെ ചെമ്പ്ര എസ്.റ്റി കോളനി റോഡ് സൈഡ് സംരക്ഷണത്തിനും ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പ്രവൃത്തിക്ക് 6 മീറ്റർ വീതി വേണം എന്നുള്ള നിബന്ധന ഒഴിവാക്കി നൽകണമെന്നും ബ്ലോക്ക് പഞ്ചായത്തിനെ മേഖലാ നിബന്ധനയിൽ നിന്നൊഴിവാക്കി പ്രത്യേക അനുവാദം നൽകണമെന്നും പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി. ഇക്കാര്യം പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി, പ്രളയ മേഖല ആയതിനാൽ ഈ വർഷം 6 മീറ്റർ വീതി എന്ന നിബന്ധനയിൽ നിന്നൊഴിവാക്കി നൽകിയും മേഖലാ നിബന്ധനയിൽ നിന്നൊഴിവാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കി ഗ്രാമവികസന കമ്മീഷണർ മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) കത്തിൽ ആവശ്യപ്പെട്ട പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ റോഡ് പ്രവൃത്തിക്ക് 6 മീറ്റർ വീതി വേണം എന്നുള്ള നിബന്ധനയിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം ഒഴിവാക്കി ഉത്തരവാകുന്നു. കൂടാതെ മേഖലാ നിബന്ധനയിൽ നിന്നൊഴിവാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കി ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമവികസന കമ്മീഷണർ മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEKALA T.P.

UNDER SECRETARY

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്,മലപ്പുറം

## File No.LSGD-DD2/406/2019-LSGD

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2026.01.?? 10:54:27
IST
Reason: Approved
സെക്ഷൻ ഓഫീസർ